**ക്രമപ്രശ്നം**

ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചട്ടഭേദഗതിയുടെ സ്വഭാവത്തിൽ ഒരു സർക്കാർ ഉത്തരവ് 2020 ഒക്ടോബർ 24-ന് ഇറക്കുകയുണ്ടായി. ചട്ടഭേദഗതികൾ ആവശ്യമുള്ളപക്ഷം എസ്.ആർ.ഒ.-യായി സഭയുടെ പരിഗണനയിൽകൊണ്ടുവന്ന് ചട്ടം ഭേദഗതി ചെയ്യുന്ന നടപടിക്രമം പാലിക്കാതിരുന്നത് റൂൾ 166-ന്റെ ലംഘനമാണ്. മാത്രമല്ല, delegated legislation സംബന്ധിച്ച് 07-04-1988-ലെ ബഹുമാനപ്പെട്ട ചെയറിന്റെ വിശദമായ റൂളിംഗിന്റെ സ്പിരിറ്റിന് വിരുദ്ധവുമാണ്. ഇതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ആക്ടാണ് ഏറ്റവും പ്രധാനപ്പെട്ടത്, ഭരണഘടനാവിരുദ്ധമായ ഒന്നും ആക്ടിലോ ആക്ടിന് വിരുദ്ധമായ ഒന്നും റൂളിലോ ഉണ്ടാകാൻ പാടില്ല. റൂളിനും ആക്ടിനും വിരുദ്ധമായിട്ടുള്ള ഒന്നും ഗവൺമെന്റ് ഉത്തരവായി ഇറക്കാൻ പാടില്ല. 2020 ഒക്ടോബർ 24-ാം തീയതിയിലെ ഉത്തരവിലെ ഏറ്റവും പ്രധാനഭാഗമെന്ന് പറയുന്നത് മരംമുറിയുമായി ബന്ധപ്പെട്ട 2005-ലെ നിയമത്തിലെ 6-ാമത്തെ വകുപ്പിന്റെ

കൃത്യമായ ലംഘനമാണ്. അങ്ങ് കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചു. ആറാം വകുപ്പ് കൃത്യമായി ആ ഉത്തരവിൽ ഉദ്ധരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ ഗവൺമെന്റ് ഉത്തരവിനെ ന്യായീകരിക്കാനും ശ്രമിച്ചു. അങ്ങ് മനസ്സിലാക്കേണ്ടത് 6-ാം വകുപ്പിൽ പറയുന്നത് രണ്ടുഭാഗങ്ങളാണ്. ആദ്യത്തേതിൽ പറയുന്നത് കർഷകർക്ക് അവരുടെ പറമ്പിൽ പട്ടയം കിട്ടിയതിനുശേഷം മുളച്ചുവന്നതും പിന്നീട് അവർ നട്ടുവളർത്തിയതുമായ ചന്ദനമൊഴിച്ചുള്ള മരങ്ങൾ മുറിക്കാമെന്നാണ്. ആ ഭാഗം മാത്രമാണ് ഈ ഉത്തരവിൽ ഉദ്ധരിച്ചിട്ടുള്ളത്. അതിൽ രണ്ടാം ഭാഗമുണ്ട്. ഗവൺമെന്റ് പട്ടയം നൽകുമ്പോൾ ആ പട്ടയ ഭൂമിയിൽ നേരത്തെയുണ്ടായിരുന്ന മരങ്ങൾ, ഈ പറയുന്ന അഞ്ചുമരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. ആ മരം മുറിക്കാൻ പാടില്ലെന്ന് ഈ ആറാം വകുപ്പിന്റെ proviso പറയുന്നു. അതാണ് രണ്ടാമത്തെ പാരഗ്രാഫ്. ഇത് മരം മുറിക്കാൻ ലൈസൻസ് കൊടുക്കാൻവേണ്ടി ചെയ്ത നടപടിയായതുകൊണ്ട് വളരെ ബുദ്ധിപൂർവ്വം ഈ ആറാം വകുപ്പിന്റെ രണ്ടാം ഭാഗം അതായത്, 'സർക്കാരിൽ നിക്ഷിപ്തമായ മരം മുറിക്കാൻ പാടില്ലെന്നുള്ള' ഭാഗം മനഃപൂർവ്വം ഉത്തരവിൽനിന്ന് ഒഴിവാക്കി. ഞങ്ങൾ വയനാട്ടിൽ പോയപ്പോൾ

അവിടത്തെ ആളുകൾ പറയുന്നത്, ചന്ദനം ഒഴികെയുള്ള എല്ലാ മരവും മുറിക്കാമെന്ന് സർക്കാർ ഉത്തരവിൽ പറയുന്നതുകൊണ്ടാണ് അവരുടെ പറമ്പിലെ മരങ്ങൾ മുറിക്കാൻ അനുവദിച്ചത് എന്നാണ്. രണ്ടാം ഭാഗം ആ ഉത്തരവിലില്ല. ആ ഉത്തരവുതന്നെ നിലവിലുള്ള ആക്ടിന്റെ കൃത്യമായ ലംഘനമാണ്. ആ ആക്ടിലെ പ്രൊവിഷനെ മനഃപൂർവ്വം മരം മുറിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരിക്കുകയാണ്. രണ്ടാം ഭാഗമുണ്ടെങ്കിൽ ആദിവാസികളായ ആളുകളും കർഷകരും തങ്ങൾക്ക് പട്ടയം കിട്ടിയപ്പോഴുള്ള മരമല്ല, ഇത് അതിനുമുമ്പ് വളർന്നുവന്ന മരമായതുകൊണ്ട് മുറിക്കാൻ പാടില്ലെന്ന് രണ്ടാമത്തെ പാരഗ്രാഫിൽ കൃത്യമായി പറയുന്നുണ്ടല്ലോയെന്ന് പറയും. പക്ഷേ സർക്കാർ ഉത്തരവിൽ ആ ഭാഗം മനഃപൂർവ്വമായി മറച്ചുവച്ചതാണ് ഈ കള്ളത്തരങ്ങളും മരംകൊള്ളയും നടക്കാൻ കാരണമായത്. അതുകൊണ്ടാണ് 2005-ലെ നിയമത്തിന്റെ 6-ാം വകുപ്പിന്റെ ലംഘനമാണ് ഈ ഉത്തരവെന്ന് ഞാൻ പറഞ്ഞത്. അങ്ങനെയൊരു ഉത്തരവിറക്കാൻ സാധിക്കുമോ? ചട്ടഭേദഗതിയാണെങ്കിൽ പോലും റൂൾ 166 അനുസരിച്ച് ഇവിടെ ടേബിൾ ചെയ്യണം. നിയമം പോലെതന്നെ ചട്ടങ്ങൾക്ക് ഭേദഗതിവരുത്താനുള്ള അവകാശം നിയമസഭാംഗങ്ങൾക്കുണ്ട്. ഈ

അവകാശങ്ങളെയെല്ലാം ഹനിച്ചുകൊണ്ട് ആക്ടിനും റൂളിനും വിരുദ്ധമായുള്ള ഉത്തരവിറക്കിയത് ഓർഡറിലാണോ എന്നുള്ളതാണ് ഞാൻ ഉയർത്തുന്ന ചോദ്യം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെയേറെ ധാരണയുള്ളയാളാണ്. പക്ഷേ അദ്ദേഹം ഇപ്പോൾ ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ വസ്തുതാപരമല്ലെന്നുള്ളതാണ് യാഥാർഥ്യം. ചട്ടത്തിൽ അദ്ധ്യായം ഇരുപത് സബോർഡിനേറ്റ് ലെജിസ്ലേഷനെക്കുറിച്ചുതന്നെയാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ 166-ാമത് ഭാഗം റെഗുലേഷൻ, ചട്ടം മുതലായവ മേശപ്പുറത്ത് വയ്ക്കുന്നതിനെക്കുറിച്ചുമാണ് പറഞ്ഞത്. ഇതുരണ്ടും യാഥാർത്ഥ്യമാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ 1988 ഏപ്രിൽ 7-ാം തീയതി സഭയിലെ ഒരു റൂളിംഗുണ്ട്. പക്ഷേ ആ റൂളിംഗെല്ലാം, കൃത്യതയോടുകൂടി പറഞ്ഞാൽ ചട്ടത്തെക്കുറിച്ചും എസ്.ആർ.ഒ.-യെക്കുറിച്ചും അതുമായി ബന്ധപ്പെട്ട റെഗുലേഷനെക്കുറിച്ചും മാത്രമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

1964-ലെ ഭൂപതിവ് ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി

ചട്ടഭേദഗതിയുടെ സ്വഭാവത്തിലുള്ള സർക്കാർ ഉത്തരവിറക്കുകയും ചട്ടഭേദഗതി ആവശ്യമുള്ളപക്ഷം എസ്.ആർ.ഒ.-യായി സഭയുടെ പരിഗണനയിൽകൊണ്ടുവന്ന് ചട്ടഭേദഗതി ചെയ്യുന്ന നടപടിക്രമം പാലിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം. 24-10-2020-ലെ നം.261/2020 സർക്കാർ ഉത്തരവ് ചട്ടഭേദഗതി ഉദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവല്ല. ചട്ടഭേദഗതിയല്ലാത്തതിനാൽ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുമില്ല. 1960-ലെ ഭൂപതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായല്ല മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 'കർഷകർക്ക് പതിച്ചുകൊടുത്ത ഭൂമിയിൽ അവർ നട്ടുവളർത്തിയതോ സ്വമേധയാ കിളിർത്തുവരുന്നതോ ആയ അല്ലെങ്കിൽ പണമടച്ച് റിസർവ് ചെയ്യുന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് തന്നെയാണെന്ന് ' വളരെ വ്യക്തമാണ്. ചട്ടങ്ങളിലെ 10(3) എ-യിലും ബി-യിലും പണമടച്ച് റിസർവ് ചെയ്യുന്ന വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് ലഭിക്കുമെന്ന് പറയുകയും അതിൽ കൃത്യതയോടുകൂടി 72 മരങ്ങളുടെ പേരുപറയുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ ചന്ദനവും തേക്കും ഈട്ടിയും എബണിയും

ഉൾപ്പെടെയുള്ള നാല് മരങ്ങൾ ഷെഡ്യൂൾ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഷെഡ്യൂളിൽത്തന്നെ അവസാനം അതിന്റെ വിശദാംശങ്ങൾ വായിച്ചാൽ, മരങ്ങൾ വളർന്നുവരുന്നതിനെക്കുറിച്ചുള്ള വ്യക്തതയും നമുക്ക് കിട്ടും. ഇവിടെ നമ്മൾ സൂചിപ്പിച്ചിട്ടുള്ളത് Kerala Promotion of Tree Growth in Non-Forest Areas Act, 2005 പ്രകാരം മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആക്ടിന്റെ മുൻവ്യവസ്ഥകൾക്ക് വിധേയമായി വിജ്ഞാപനം ചെയ്യാത്ത വനേതരപ്രദേശത്ത് നിൽക്കുന്ന ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങൾ മുറിക്കാനും കൊണ്ടുപോകാനും വനേതരഭൂമിയുടെ ഉടമസ്ഥന് അവകാശമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ഉപവകുപ്പിന്റെ proviso ഇവിടെ സൂചിപ്പിച്ചു. 2005-ലെ നിയമത്തിലെ ആറാമത്തെ ചട്ടത്തിന്റെ proviso ഇവിടെ സൂചിപ്പിച്ചു. ഇത് നേരത്തെ വന്നതുമുണ്ട്. 2005-നുശേഷം 2007-ൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. രണ്ടും ഞാൻ വായിച്ചിട്ടുണ്ട്. ഈ proviso പറയുന്നത് ഭൂമി പതിച്ചുകൊടുക്കുന്ന സമയത്ത് സർക്കാരിലേയ്ക്ക് റിസർവ് ചെയ്യുന്ന വൃക്ഷങ്ങൾക്കും Kerala Promotion of Tree Growth in Non-Forest Areas Act, 2005-ലെ 5-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ 2003-ലെ Kerala Forest

(Vesting and Management of Ecologically Fragile Lands) Act പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലോ നിലനിൽക്കുന്ന വൃക്ഷങ്ങൾക്കും ബാധകമല്ല. ഞാൻ വകുപ്പ് വായിക്കാം. " .....എന്നാൽ ഈ വകുപ്പിന്റെ കീഴിലെ വ്യവസ്ഥകൾ അങ്ങനെ ഭൂമിനൽകുന്ന സമയത്ത് സർക്കാർ റിസർവ് ചെയ്യപ്പെട്ട വൃക്ഷങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിനോ..." ആ വൃക്ഷങ്ങൾ ഉപയോഗിച്ചിട്ടില്ല. പട്ടയം കൊടുക്കുന്ന സമയത്ത് ഭൂമിയിൽ ഷെഡ്യൂൾ ചെയ്യപ്പെട്ട നാല് മരങ്ങളും ട്രീ രജിസ്റ്ററിൽ രേഖപ്പെടുത്തും, അത് മുറിക്കാനേ പാടില്ല. ഈ നിയമംകൊണ്ടും അതിന് സാധ്യമല്ല. 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്ടിന്റെ 5-ാം വകുപ്പിനുള്ളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിലനിൽക്കുന്ന വൃക്ഷങ്ങൾക്കോ..., വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയെക്കുറിച്ചല്ല ഈ ഉത്തരവ്. 1964 വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ പട്ടയം കൊടുത്ത ഭൂമിയെക്കുറിച്ചാണ്. 2003-ലെ കേരളവന (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും, കാര്യകർതൃത്വം നടത്തിപ്പും) ആക്ടിന്റെ കീഴിൽ സൂക്ഷിപ്പുകാരൻ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കോ ബാധമാകുന്നതല്ല. 24-10-2020-ൽ ഇറക്കിയ ഉത്തരവിന് ബാധകമാകുന്ന കാര്യമല്ല.

അതുകൊണ്ട് മേൽ വിവരിച്ച 1964-ലെ കേരള ഭൂപതിവ് ചട്ടത്തിന്റെയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയ ആക്ടിന്റെയും അടിസ്ഥാനത്തിൽ 1960-ലെ ഭൂപതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തുന്നതും സ്വയം കിളിർത്തുവരുന്നതുമായ ചന്ദനമൊഴികെയുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റാനുള്ള അവകാശം കർഷകർക്കാണെന്ന് വ്യക്തമാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ഉത്തരവുമാത്രമാണ്. ഇത് ചട്ടവും എസ്.ആർ.ഒ.-യും അല്ല. 24-10-2020-ൽ 261/2020 റഫറൻസ് സർക്കാർ ഉത്തരവ് അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട സ്പീക്കറുടെ 1988 ഏപ്രിൽ 7-ാം തീയതിയിലെ റൂളിംഗിന് വിരുദ്ധമായി ഒരു കാര്യവും നടന്നിട്ടില്ല. ഇതാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, 2020 ഒക്ടോബർ 24-ാം തീയതി ഇറക്കിയ ഉത്തരവിനെ ബഹുമാനപ്പെട്ട മന്ത്രി പല്ലും നഖവും ഉപയോഗിച്ച് ന്യായീകരിക്കുകയാണ്. 2005-ലെ നിയമത്തിലെ ആദ്യഭാഗത്തിന് വ്യക്തത വരുത്താൻ വേണ്ടിയിട്ടാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സെക്ഷനിലെ

ആദ്യഭാഗം മാത്രം മനഃപൂർവ്വമായി ഉദ്ധരിക്കുകയും രണ്ടാം ഭാഗം മനഃപൂർവ്വമായി ഒഴിവാക്കുകയും ചെയ്ത് കൂടുതൽ അവ്യക്തത വരുത്തുകയാണ് ചെയ്തത്. പല്ലും നഖവും ഉപയോഗിച്ച് ഇത്രയും ന്യായീകരിക്കുന്ന ഈ ഉത്തരവ് പിന്നെ എന്തിനാണ് ഫെബ്രുവരി 2-ാം തീയതി റദ്ദാക്കിയത്? എല്ലാ മരവും മുറിച്ചുകഴിഞ്ഞപ്പോൾ, അതായത് പട്ടയം കൊടുത്ത ഭൂമിയിലെ, സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ ഒൻപത് ജില്ലകളിലും വ്യാപകമായി മുറിച്ചു നീക്കിയതിനുശേഷം ഫെബ്രുവരി 2-ാം തീയതി ഉത്തരവിൽ അവ്യക്തതയുണ്ടെന്നുപറഞ്ഞ് സർക്കാർ റദ്ദാക്കിയ ഒരു ഉത്തരവിനെ റവന്യൂ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പല്ലും നഖവും ഉപയോഗിച്ച് ന്യായീകരിക്കുന്ന ഒരു വിചിത്രമായ വാദമാണിത്. അങ്ങ് അത് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u> : സർ, .....

<u>ശ്രീ. കെ. രാജൻ</u>: സർ, ശ്രീ. കെ. ബാബുവിന് ഞാൻ വഴങ്ങുന്നില്ല. അങ്ങ് ഡിമാന്റ് ഡിസ്കഷൻ ചർച്ചയിൽ ഉണ്ടല്ലോ. അപ്പോൾ നമുക്ക് ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത് ക്രമപ്രശ്നമാണ്. രണ്ടിനും മറുപടി പറയണമെങ്കിൽ പറയാം, പ്രശ്നമില്ല.

ഞാൻ ഇതിനെ മറ്റൊരർത്ഥത്തിൽ ന്യായീകരിക്കുകയല്ല. സർക്കാർ ന്യായമാണെന്ന് തോന്നിയതുകൊണ്ട് ഇറക്കിയൊരു ഉത്തരവാണ്. ഞാൻ ആ ഉത്തരവിന്റെ ഭാഗം വായിക്കാം; മേൽ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ '1964-ലെ ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും പതിച്ചുനൽകുന്ന സമയത്ത് വൃക്ഷവിലയടച്ച് റിസർവ് ചെയ്തതുമായ ചന്ദനമൊഴികെയുള്ള എല്ലാ മരങ്ങളും...' എന്നാണ്. 2005-ലെ ആക്ടിന്റെ പ്രൊവിസോയിൽ പറയുന്ന മൂന്ന് കാര്യങ്ങളിലും ഈ പറയപ്പെടുന്ന സ്ഥലമോ വൃക്ഷങ്ങളോ ഉൾപ്പെടുന്നില്ല. 1964-ലെ ചട്ടമനുസരിച്ച് റിസർവ് ചെയ്ത സമയത്ത് 1964-ലെ ചട്ടത്തിന്റെ പട്ടഫോറമനുസരിച്ച് ഷെഡ്യൂൾ ചെയ്ത മരങ്ങൾ ഒരിക്കലും മുറിക്കാൻ പാടില്ല. അങ്ങനെ മുറിച്ചവരുണ്ടെങ്കിൽ നടപടിക്ക് വിധേയമാകും. ഇത് റദ്ദുചെയ്തത് എന്താണെന്ന ചോദ്യം ക്രമപ്രശ്നത്തിന്റെ ഭാഗമല്ലെങ്കിലും അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്. ഇത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ആളുകൾ മരം മുറിക്കുന്ന പ്രവണതവന്ന സാഹചര്യത്തിൽ കൂടുതൽ വ്യക്തത

വരുത്തുന്നതിനുവേണ്ടിയുള്ള ആവശ്യകത സൂചിപ്പിച്ചുകൊണ്ടാണ് ഇത് പിൻവലിക്കാനിടയായത്.